**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1774** **13-02-2025 - ൽ മറുപടിയ്ക്ക്**

**ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ വഴി തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തൃശ്ശൂർ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ വഴി തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെയും ചെലവിനങ്ങളുടെയും വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | തൃശ്ശൂർ ജില്ലാ റോഡ് സുരക്ഷാ കൌൺസിൽ വഴി തൃശ്ശൂർ ജില്ലയിൽ “വാണിയമ്പാറ - പാലിയേക്കര സേഫ് റോഡ് കോറിഡോർ പദ്ധതി ” എന്ന പദ്ധതി റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് ചെയ്യുന്നതിനുള്ള ഭരണാനുമതി നല്ലിയിട്ടുണ്ട്. ആയതിന്റെ ഒന്നാം ഗഡുവായി 45,54,505/- രൂപ തൃശ്ശൂർ ജില്ലാ റോഡ് സുരക്ഷാ കാൺസിലിന് കേരള റോഡ് സുരക്ഷാ അതോറിറ്റി നൽകിയിട്ടുണ്ട്.<br><br>ടി പദ്ധതിയുമായി ബന്ധപ്പെട്ട് റോഡ് സുരക്ഷാ അതോറിറ്റി വഴി ക്യാമറ ഉൾപ്പെടെയുള്ള സേഫ്റ്റി ഉപകരണങ്ങൾ സ്ഥാപിച്ച് സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി 1,82,18,020/- രൂപ തൃശ്ശൂർ ജില്ലാ കളക്ടർക്ക് അനുവദിക്കുകയും തുടർ നടപടികളുടെ ഭാഗമായി ജില്ലാ കളക്ടർ തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയെ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. ടെൻഡർ നടപടിക്ക് ശേഷം M/s ONE VIEW SYSTEM KOCHI എന്ന സ്ഥാപനത്തിന് നിർമ്മാണ ചുമതല നൽകുകയും ടി സ്ഥാപനം പദ്ധതി നടപ്പിലാക്കി വരികയുമാണ്.<br><br>കൂടാതെ റോഡ് സുരക്ഷയ്ക്കാവശ്യമായ ട്രാഫിക് ഉപകരണങ്ങൾ വാങ്ങുന്നതിനായി റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും 21,69,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും GEM (Government E- Market Place) മുഖേന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയുമാണ്.<br><br>തൃശ്ശൂർ ജില്ലാ കളക്ടറുടെ 04.12.2021 തീയതിയിലെ തൃശ്ശൂർ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ Order No : A11-719/2021 പ്രകാരം 5580/- രൂപ കൈപ്പമംഗലം, കാട്ടൂർ പോലീസ് സ്റ്റേഷൻ പരിധികളിൽ 2021-ലെ റോഡ് സുരക്ഷ |

| | | | |
|---|---|---|---|
| | | | മാസാചരണത്തി ന്റെ ഭാഗമായി ചിലവഴിച്ചിട്ടുള്ളതുമാണ്.<br><br>കൂടാതെ സംസ്ഥാനത്തൊട്ടാകെയുള്ള ബ്ലാക്ക്സ്പോട്ടുകൾ പരിഹരിക്കുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റി എല്ലാ ജില്ലാ റോഡ് സുരക്ഷാ കാൺസിലുകൾക്കും 10 ലക്ഷം രൂപ അനുവദിച്ചതിൽ ആദ്യ ഗഡുവായി 5 ലക്ഷം രൂപ മറ്റ് ജില്ലകളോടൊപ്പം തൃശ്ശൂർ ജില്ലാ റോഡ് സുരക്ഷാ കാൺസിലിനും നല്കിയിട്ടുണ്ട്. |
| (ബി) | ട്രാഫിക് സിഗ്നലുകളും മിനിമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുന്ന പദ്ധതി പ്രകാരം ആയത് എവിടെയൊക്കെയാണ് സ്ഥാപിച്ചതെന്ന് വിശദമാക്കാമോ? | (ബി) | തൃശ്ശൂർ റൗണ്ടിലെ നായ്ക്കനാൽ ജംഗ്ഷനിലും എം ജി റോഡിലെ ശങ്കര അയ്യർ റോഡ് ജംഗ്ഷനിലും ട്രാഫിക് സിഗ്നലുകൾ സ്ഥാപിച്ചിട്ടുണ്ട്. ആയവ സ്ഥാപിച്ചതും പരിപാലിക്കുന്നതും പരസ്യ ഏജൻസികൾ ആണ്. |

സെക്ഷൻ ഓഫീസർ